അനുസരിച്ച് 1-4-2010 തീയതി മുതൽ ഭൂമി കൈമാറ്റം സംബന്ധിച്ച എല്ലാ ആധാരങ്ങളിലും ന്യായവില കാണിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിജപ്പെടുത്തിയ ന്യായവില സംബന്ധിച്ച സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ടി നിയമം 28(എ)(4) വകുപ്പനുസരിച്ച് കളക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. കളക്ടർ ടി ന്യായവിലയിൽ മാറ്റം വരുത്തുന്നപക്ഷം ആയത് ഫോറം സി-യിൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കാൻ അദാലത്ത് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 1995-ലെ കേരള മുദ്രപ്പത്രനിയമം 45(എ) വകുപ്പിൽ ഭൂമി കൈമാറ്റം സംബന്ധിച്ച് ഒരു രേഖ രജിസ്റ്റർ ചെയ്യുമ്പോൾ ആ രേഖയിൽ കാണിച്ചിരിക്കുന്ന വില, ടി നിയമം 28 (എ) വകുപ്പനുസരിച്ച് നിർണ്ണയിച്ചിട്ടുള്ള ന്യായവിലയാണോയെന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അതനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആർ.ഡി.ഒ.മാർ നിർണ്ണയിച്ച് പ്രസിദ്ധീകരിച്ച ന്യായവില മാത്രമേ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുള്ളൂ. മറിച്ച് വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ നൽകുന്ന വില സർട്ടിഫിക്കറ്റ് അംഗീകരിച്ച് രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാൻ കേരള മുദ്രപ്പത്ര നിയമത്തിൽ യാതൊരു വ്യവസ്ഥയും നിലവിലില്ല.

(സി-ഇ) കേരള മുദ്രപ്പത്ര നിയമം 28(എ)(1) വകുപ്പനുസരിച്ച് ആർ.ഡി.ഒ. മാരെയാണ് സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത്. മറ്റുതരത്തിൽ വില നിർണ്ണയിക്കുന്നതിന് ടി നിയമത്തിൽ വ്യവസ്ഥയില്ല.

താലൂക്ക് വികസന സമിതികൾ

148 (T 3918) ശ്രീ. സാജു പോൾ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് വികസന സമിതികളിൽ ഉദ്യോഗസ്ഥ പ്രാതിനിധ്യം ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) തൃപ്തികരമായ കാരണങ്ങളില്ലാതെ താലൂക്ക് വികസന സമിതികളിൽ ഹാജരാകാത്ത ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ മേലുദ്യോഗസ്ഥർക്ക് അധികാരമുണ്ടോ ;

(സി) താലൂക്ക് വികസന സമിതികളിൽ യോഗം ചേരുന്നതിനും യോഗ തീരുമാനപ്രകാരം പരിശോധനകൾക്കും സൈറ്റ് വിസിറ്റിനും മറ്റും പോകുന്നതിനും വരുന്നതിനുമുള്ള യാത്രാ സൗകര്യമോ യാത്രാചെലവോ വഹിക്കുന്നതിന് ഏതെങ്കിലും ഫണ്ട് അനുവദിക്കുന്നുണ്ടോ ;

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വികസന സമിതിയിലെ അനൗദ്യോഗികാംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 330/2006/RD തീയതി 22-11-2006 പ്രകാരം ഏതെങ്കിലും വകുപ്പിന്റെ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥന് താലൂക്ക് വികസന സമിതി യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ അതിന് ന്യായമായ കാരണങ്ങൾ ബോധിപ്പിച്ച് തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ അയയ്ക്കേണ്ടതും ഉദ്യോഗസ്ഥൻമാർ പങ്കെടുത്തി ല്ലെങ്കിൽ സമിതി ഉടൻതന്നെ വകുപ്പ് മേധാവിയെ ഇക്കാര്യം അറിയിക്കേണ്ടതു മാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) തൃപ്തികരമായ കാരണങ്ങളില്ലാതെ താലൂക്ക് വികസന സമിതികളിൽ ഹാജരാകാത്ത ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും സമിതി രൂപീകരിച്ചു കൊണ്ടുള്ള മേൽഉത്തരവിൽ നിഷ്ക്കർഷിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

സർട്ടിഫിക്കറ്റുകൾ ഏകോപിപ്പിച്ച് നൽകാൻ നടപടി

149 (3919) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആവശ്യമായിവരുന്ന സർട്ടിഫിക്കറ്റുകളായ ജാതി, താമസസ്ഥലം, വരുമാനം, വിധവ, പുനർ വിവാഹം തുടങ്ങിയ സർട്ടിഫിക്കറ്റുകൾ ഏകോപിപ്പിച്ച് നൽകുന്ന കാര്യം നടപ്പിൽ വരുത്തുകയുണ്ടായോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ സംവിധാനം വളരെ ഉപകാരപ്രദമാണെന്ന് സർക്കാർ വില യിരുത്തിയിട്ടുണ്ടോ ;

(സി) ജാതി, നേറ്റിവിറ്റി തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകിയ തീയതി മുതൽ ചുരുങ്ങിയത് 5 വർഷത്തേക്ക് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കാലാവധി നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) 27-4-2007-ലെ ജി.ഒ. (കൈയ്യെഴുത്ത്) നമ്പർ 136/07/ആർ.ഡി. പ്രകാരം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, വിധവ സർട്ടി ഫിക്കറ്റ്, നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ് എന്നിവ പ്രത്യേക ആവശ്യത്തിനു വേണ്ടിയാണ് നൽകിവരുന്നത്. വരുമാന സർട്ടിഫിക്കറ്റ് 36,000 രൂപവരെ 1 വർഷവും, 36,000 രൂപയ്ക്ക് മുകളിൽ നിലവിലുള്ള വ്യവസ്ഥ തുടരുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly